"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12

:0471-2342532

:keralaprisons@gov.in

തീയതി : 23-07-2024

## സർക്കുലർ നം 19

നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോമിൽ ശിക്ഷയിൽ കഴിഞ്ഞ് വരുന്ന C No..3481 മോഹനൻ ഉണ്ണിത്താൻ S/o അപ്പുക്കുട്ടൻനായർ എന്ന അന്തേവാസി സാധാരണ അവധിയിൽ ആയിരിക്കെ ടിയാൻറെ സഹോദരനെ ഉലക്ക കൊണ്ട് തലയ്ക്ക് അടിച്ച് കൊലപ്പെടുത്തുകയും , ടി സംഭവവുമായി ബന്ധപ്പെട്ട് IPC 302വകുപ്പ് പ്രകാരം അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 1009/2024 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു എന്നും, കൊലപാതക കേസിലെ പ്രതി അവധിയിലിറങ്ങി വീണ്ടും കൊലപാതകം ചെയ്ത സാഹചര്യത്തിൽ സമാന കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ശിക്ഷ അനുഭവിച്ചു വരുന്ന പ്രതികൾക്ക് അവധി അനുവദിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിലെ 04/07/2024 തീയതിയിലെ U6-41996/2024/PHQ എന്ന നമ്പർ കത്ത് മുഖേന അറിയിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള അന്തേവാസികളെ അവധിയിൽ വിടുതൽ ചെയ്യുമ്പോൾ ചുവടെ പറയുന്ന കർശന വ്യവസ്ഥകൾ കർശനമായും നടപ്പിൽ വരുത്തുന്നതിന് ജയിൽ സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

1) കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമ്മാർഗ്ഗീകരണ സേവനങ്ങളും, നിർവ്വഹണവും ചട്ടങ്ങളിലെ ചട്ടം 403 (2), 406 (1) (2) എന്നീ ചട്ടങ്ങൾ പ്രകാരം ഉള്ള ജാമ്യ ബോണ്ട് നടപ്പിലാക്കിയിട്ടുണ്ട് എന്ന് ജയിൽ സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

2) അന്തേവാസി അവധിയിൽ വന്നാൽ ടിയാളുടെ സംരക്ഷണം ഏറ്റെടുക്കാൻ കുടുംബാംഗങ്ങൾ തയ്യാറാണെന്നും അവധികാലയളവിലെ തടവുകാരന്റെ പെരുമാറ്റം, സഞ്ചാരം, സാമൂഹ്യ ഇടപെടൽ എന്നിവ പ്രകോപനപരമാവുകയില്ലായെന്നും, നിയന്ത്രണ വിധേയമായിരിക്കുമെന്നും, മറ്റ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ല എന്ന ഉറപ്പ് വരുത്തിക്കൊള്ളാമെന്നും കൃത്യമായ സമയത്ത് ജയിലിൽ തിരികെ എത്തിക്കാൻ കുടുംബാംഗങ്ങൾ ബാധ്യസ്ഥർ ആയിരിക്കുമെന്നും എന്നുള്ള രേഖാമൂലമുള്ള ഉറപ്പ് അവധിയിൽ പോകുന്ന ജയിൽ അന്തേവാസിയെ കൂട്ടികൊണ്ട് പോകുവാൻ വരുന്ന അടുത്ത ബന്ധുവിൽ നിന്നും എഴുതി വാങ്ങേണ്ടതാണ്.

3) അന്തേവാസി അവധിയിൽ ആയിരിക്കുമ്പോൾ സ്ഥലം പോലീസ് സബ് ഇൻസ്പെക്ടറുടെ കർശന നിരീക്ഷണത്തിൽ ആയിരിക്കുന്നതാണ്. ടി ജയിൽ അന്തേവാസിയെ അവധിയിൽ വിടുതൽ ചെയ്യുമ്പോൾ ജയിൽ സൂപ്രണ്ട് വിവരം, സ്ഥലം പോലീസ് സബ് ഇൻസ്പെക്ടറെ അറിയിക്കേണ്ടതാണ്. അവധിയിൽ ഉള്ള തടവുകാരൻ അവധി കാലയളവിൽ ബന്ധപ്പെട്ട സ്ഥലം പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതി ഇല്ലാതെ ടി സ്റ്റേഷൻ പരിധി വിട്ടുള്ള യാത്രകൾ ചെയ്യുവാൻ പാടുള്ളതല്ല.

4) അന്തേവാസിയെ അവധിയിൽ വിടുതൽ ചെയ്യപ്പെട്ടാൽ, കഴിയുമെങ്കിൽ ആ ദിവസമോ അതല്ലെങ്കിൽ അടുത്ത ദിവസമോ ബന്ധപ്പെട്ട പ്രാദേശിക പോലീസ് അധികാരിയുടെ മുൻപാകെ ഹാജരായി വിടുതൽ ഉത്തരവ് സാക്ഷ്യപ്പെടുത്തേണ്ടതും, അവധികാലയളവിൽ കൃത്യമായ ഇടവേളകളിൽ ടി അന്തേവാസി ബന്ധപ്പെട്ട സ്ഥലം പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതും, ആയതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ തീയതി സഹിതം അവധിയിൽ വിടുതൽ ചെയ്തുകൊണ്ടുള്ള ഉത്തരവിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് അവധി കഴിഞ്ഞു തിരികെ ജയിലിൽ ഹാജരാകുമ്പോൾ ജയിൽ സൂപ്രണ്ട് മുൻപാകെ ഹാജരാക്കേണ്ടതും, ആയത് ഡിജിറ്റൽ രേഖയായി ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കുന്നതിനും ജയിൽ സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതും ആണ്.

5) അന്തേവാസിയുടെ ദുർനടത്തയെപ്പറ്റി അറിയിപ്പ് കിട്ടിയാലുടൻ ജയിൽ സൂപ്രണ്ട് അയാളെ തിരികെ വിളിക്കേണ്ടതാണ്. ഇതിനായി അടിയന്തിര നടപടിയെടുക്കാനും തടവുകാരനെ ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് സൂപ്രണ്ട് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയ്ക്ക് എഴുതേണ്ടതും, പോലീസ് ഉടൻ തന്നെ ടി തടവുകാരനെ ജയിലിൽ ഹാജരാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ അന്തേവാസിയെ അവധിയിൽ വിടുതൽ ചെയ്യുന്നതുമായി ബന്ധപ്പെട്ടും, അവധി കഴിഞ്ഞ് ടി അന്തേവാസി കറക്ഷണൽ ഹോമിൽ മടങ്ങി എത്തുന്നതുമായി ബന്ധപ്പെട്ട ഉറപ്പ് വരുത്തുന്നതിനും വേണ്ടി വിടുതൽ ഉത്തരവിൽ ജയിൽ സൂപ്രണ്ടിന് ഉചിതമാണെന്ന് തോന്നുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര മേഖല, കോഴിക്കോട്/മദ്ധ്യമേഖല, വിയ്യൂർ, ദക്ഷിണ മേഖല & ഡയറക്ടർ സിക്ക